8

# ഏകീകൃത രാജ്യം

## ശൗലിനെ അഭിഷേകം ചെയ്യുന്നതുമുതൽ രഹോബയാമിന്റെ ആരോഹണം വരെ

## ബി.സി. 1095- 975

## (1 ശമു. 11- 31; 2 ശമു., 1 രാജാക്കന്മാർ 1-11)

### I. ആമുഖമായി-ദൈവീക ഭരണം.

1. **ആരംഭ മാതൃക.** – സീനായി പർവ്വതത്തിൽ വെച്ച് ഒരു ദേശമായി സംഘടിപ്പിച്ചപ്പോൾ വാസ്തവത്തിൽ യിസ്രായേൽ ഒരു രാജ്യമായിരുന്നു. അവർ ദൈവീക ഭരണത്തിൽ, ദൈവത്തിന്റെ ഒരു രാജ്യമായിരുന്നു. ദൈവം വാസ്തവത്തിൽ അവരുടെ രാജാവായിരുന്നുവെങ്കിലും, ആദ്യം മോശെയും, ഒരർത്ഥത്തിൽ മഹാപുരോഹിതന്മാർ ആ ദേശത്തിനുള്ള ദൈവത്തിന്റെ പ്രതിനിധികളായിരുന്നു. എങ്കിലും ഒരു ഭൗമിക രാജാവിന്റെ പര്യാലോചന ആദ്യമായി അവരിൽ വന്നു. രാജാക്കന്മാർ അബ്രഹാമിന്റെ സന്തതിയിൽനിന്നു വരേിയിരുന്നു (ഉൽപ. 17:16). രാജാവിനുള്ള നിയമം മോശെ മുഖാന്തരം കൊടുത്തു (ആവർ. 17:14-20).

അതിലധികമായി, അബ്രഹാമിന്റെ വാഗ്ദത്ത "സന്തതി" യെ മനോഹരമായി ഭൗമിക രാജാവ് നൽകിയിരുന്നു, അവനാൽ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടുകയും ചെയ്യേിയിരുന്നു; അതുകൊു, പിന്നീടുള്ള പ്രവചനത്തിൽ, ദാവീദിന്റെ വംശാവലിയിൽ കൂടെ മശിഹ വന്നു, ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കേിയിരുന്നു.

2. **രാജാധിപത്യത്തിലേക്കുള്ള മാറ്റം.** – പിന്നീട് ശമുവേലിന്റെ ജീവിതത്തിൽ ആളുകൾ ഒരു രാജാവിനുവേി അപേക്ഷിക്കുന്നു (1 ശമു. 8 നോക്കുക.) അങ്ങനെ അപേക്ഷിക്കുവാൻ രു കാരണങ്ങൾ ു്: ശമുവേലിന്റെ പുത്രന്മാർ അവനുശേഷം ന്യായാധിപന്മാർ ആകുവാൻ യോജിച്ചവനായിരുന്നില്ല, രാജാവിനുവേിയുള്ള അവരുടെ ആഗ്രഹം മറ്റു രാജ്യങ്ങളെ പോലെ അവരെ യുദ്ധത്തിലേക്കു നയിച്ചു. ന്യായാധിപന്മാരുടെ കീഴിൽ അനായകത്വവും അവർക്കുചുറ്റുമുള്ള ദേശങ്ങളുടെ എതിർപ്പും മറ്റു കാരണങ്ങളായിരുന്നു. ആ അപേക്ഷ ശമുവേലിന്റെ ഹൃദയത്തെ വേദനിപ്പിച്ചു; അതിന്റെ ഒരു കാരണം സ്പഷ്ടമായും അവനോടുള്ള നന്ദിയില്ലായ്മ ആയിരുന്നു, എന്നാൽ മുഖ്യ കാരണം യഹോവയെ അവരുടെ പരമാധികാരിയായി സ്വീകരിക്കുന്നതിനുള്ള ഭക്തി രാഹിത്യമായിരുന്നു. എങ്ങനെയായാലും, അവരുടെ പാപം, പ്രവർത്തിയിലായിരുന്നില്ല മറിച്ച് ലക്ഷ്യത്തിലായിരുന്നു; അതിനെ സ്വീകരിപ്പാൻ ദൈവം അവനോടു നിർദ്ദേശിക്കുകയും, യഹോവയോടുള്ള ഉന്നതമായ ഭക്തി നിമിത്തം, അവൻ തന്നെത്തന്നെ ഒരുവശത്തു നിർത്തുകയും രാജാധിപത്യത്തിനുള്ള അവസരം ഒരുക്കുകയും ചെയ്തു.

## II. ശൗലിന്റെ വാഴ്ച.
## (ബി.സി. 1095-1055. 1 ശമു. 11-31.)

1. **ശൗലിന്റെ തിരഞ്ഞെടുപ്പ്.** – *a. അവന്റെ രഹസ്യത്തിലുള്ള അഭിഷേകം.* – ചെറിയ ഗോത്രമായിരുന്ന ബന്യാമീനിൽപെട്ട കീശിന്റെ മകനായിരുന്നു ശൗൽ. ഒരിക്കൽ അവൻ തന്റെ അപ്പന്റെ കഴുതകളെ അന്വേഷിച്ചു പോകുകയും, ശമുവേൽ പ്രവാചകൻ അവനെ വിളിക്കുകയും ചെയ്യുന്നു. ആ അഭിമുഖത്തിൽ ശമുവേൽ ശൗലിനെ ദൈവീക നിർദ്ദേശമനുസരിച്ച് രാജാവായി അഭിഷേകം ചെയ്യുന്നു.

*b. അവന്റെ പരസ്യമായ തിരഞ്ഞെടുപ്പ്.* – ഉടനെ ശമുവേൽ മിസ്പയിൽ ഒരു ദേശീയ യോഗം വിളിച്ചുകൂട്ടി. അങ്ങനെ വിശുദ്ധമായ ചീട്ടിട്ട് ഒരു തിരഞ്ഞെടുപ്പ് അവർ നടത്തി. ആ ചീട്ട് ശൗലിനു വീണു, അവൻ മാന്യമായി മാറിനിന്നിരുന്നു. അവനുലഭിച്ച മഹനീയമായ പദവി അവനെ അത്യുൽസാഹത്തിലേക്ക് ഉണർത്തി. എങ്ങനെയായാലും, ചിലർ അവനെ തുറിച്ചു നോക്കിയത്, ഒരു "കഴിവില്ലാത്തവൻ" ആയിട്ടാണ്. ശൗൽ ആ സാഹചര്യത്തെ നിശബ്ദമായും ബുദ്ധിപരമായും നേരിട്ട്, തന്റെ രാജകീയമായ പ്രവൃത്തി അംഗീകരിക്കത്തക്ക അവസരം അവൻ നോക്കിയിരുന്നു.

*c. അമ്മോന്യരുടെ പരാജയം.* – അവന്നു അവസരം പെട്ടെന്നുവന്നു. അമ്മോന്യർ യാബേശ്-ഗിലെയാദിനെ വളഞ്ഞു. ദാരുണമായ കഷ്ടപ്പാടിലായ ജനങ്ങൾ ശൗലിനോടു അപേക്ഷിച്ചു. ഒരു കാളയുടെ നുകം പന്ത്രായി മുറിച്ച് ഓരോന്ന് ഓരോ ഗോത്രത്തിന് കൊടുത്തയക്കുകയും പുരുഷന്മാരെ ഒന്നിച്ചുചേർത്ത്, അതേ പോലെ യുദ്ധത്തിനായി പോകുവാൻ കല്പനയും കൊടുത്തു. യിസ്രായേൽ ആ മൂന്നുലക്ഷം പേരോടു പ്രതികരിക്കുകയും, ശൗൽ, ശത്രുക്കൾക്കിടയിലേക്ക് ചാടി വീഴുകയും, അവരെ നിസ്സാരമായി ചിതറിക്കുകയും ചെയ്തു.

*d. ഗിൽഗാലിൽ വെച്ചു കിരീടധാരണം.* – ശൗലിന്റെ വിജയം എതിരാളികളെ നിശബ്ദരാക്കുകയും, ഗിൽഗാലിൽ ഗോത്രങ്ങളുടെ യോഗം വിളിക്കുകയും, വിജയശ്രീ ലാളിതനായി അവൻ, യിസ്രായേലിന്റെ രാജാവായി കിരീടധാരണം നടത്തുകയും ചെയ്തു.

2. **അവനെ ത്യജിക്കുന്നതുവരെ ശൗലിന്റെ വാഴ്ച.** – *a. സ്വാതന്ത്ര്യത്തിന്റെ യുദ്ധം.* – എബിനേസറിൽ വെച്ച് ശമുവേലിന്റെ കീഴിൽ യിസ്രായേൽ ഫെലിസ്ത്യരെ ജയിച്ചിരുന്നു, എന്നാൽ പൂർണ്ണമായും അവരുടെ ആശ്രയം വിട്ടുകളഞ്ഞിരുന്നില്ല; വീും അടുത്തസമയത്ത്, യിസ്രായേലിനെ ആയുധരഹിതമാക്കി, പ്രതിബന്ധങ്ങളെ മുൻപുള്ളതിനേക്കാൾ എളുപ്പമായി ഉറപ്പിക്കാമെന്നു ഫെലിസ്ത്യർ കരുതി. ശൗൽ തന്റെ രാജ്യസ്ഥാനം ഭദ്രമായിരിക്കുന്നുവെന്ന് അറിഞ്ഞ്, ഈ തരം താഴ്ത്തുന്ന ആശ്രയം അവസാനിപ്പിക്കുവാൻ തീരുമാനിച്ചു. ആ യുദ്ധത്തിന്റെ അവിസ്മരണീയമായ സംഭവം മിഗ്മാശിലെ വിജയമായിരുന്നു. ശൗലിന്റെ മകനായ യോനാഥാൻ, അവന്റെ ആയുധ വാഹകനോടുകൂടെ, ഏതാനും കുന്നുകൾ കയറി, ഫെലിസ്ത്യരുടെ മേൽ പെട്ടെന്ന് ആക്രമിക്കുകയും അവരെ പരിഭ്രമിപ്പിക്കുകയും ചെയ്തു. ശൗൽ ആ അവസരം മുതലെടുക്കുകയും അവരെ സമുദ്ര തീരം വരെ പലായനം ചെയ്യിക്കുകയും ചെയ്തു.

*b. ശൗലിന്റെ മറ്റു യുദ്ധങ്ങൾ.* – നിരവധി ദേശങ്ങൾ ഓരോ വശത്തുനിന്നും യിസ്രായേലിനെ സമ്മർദ്ദം ചെലുത്തിക്കൊിരിക്കയും ശൗൽ

മോവാബ്യർ, അമ്മോന്യർ, ഏദോമ്യർ, സോബാ, സിറിയ എന്ന വടക്കുകിഴക്കൻ രാജ്യം അടക്കമുള്ള രാജ്യങ്ങളുടെ മേൽ യുദ്ധം ചെയ്തു വിജയിച്ചു.

*c. ശൗലിനെ ത്യജിക്കൽ.* – ശൗൽ മറ്റു പല പുരുഷന്മാരെ പോലെ, തന്റെ ഉദ്യോഗത്തിൽ നിന്ന്, തള്ളപ്പെട്ടു. യിസ്രായേലിന്റെ വാസ്തവത്തിലുള്ള രാജാവിന്റെ ഒരു ഭൗമികമായ പ്രതിനിധി മാത്രമാണു താനെന്ന കാര്യം ശൗൽ മറന്നുപോയി. അവനിൽ യഹോവാഭക്തി കുറയുകയും, സ്വയേച്ഛയും, അനുസരണക്കേടും വളരുകയും ചെയ്തു. അമാലേക്യരെ നശിപ്പിക്കുവാൻ അവനെ അയച്ചപ്പോൾ, അവൻ ആഗാഗ് രാജാവിനെ രക്ഷിക്കുകയും, ആടുകളിലും കന്നുകാലികളിലും മേൽത്തരമായവയെ യഹോവക്കു യാഗം കഴിക്കുവാൻ കൊുവരികയും ചെയ്തു. ആ അനുസരണക്കേടു നിമിത്തം അവൻ ദൈവത്തെ അനാദരിക്കുകയും അവനെ ശമുവേൽ തള്ളിക്കളയുകയും ചെയ്തു.

**3. ശൗലിന്റെ താഴ്ച്ചയും ദാവീദിന്റെ ഉയർച്ചയും.** – ശൗലിന്റെ ശേഷിച്ച വാഴ്ച്ച ചെന്നു ചേരുന്നതു ദാവീദിന്റെ ചരിത്രത്തിലേക്കാണ്. ശൗലിനെ ശമുവേൽ രഹസ്യമായി അഭിഷേകം ചെയ്തിരുന്നു; ശൗലിനെ ബാധിച്ചിരുന്ന വിഷാദം അകറ്റുവാൻ കിന്നരവായനക്കായി ദാവീദിനെ വിളിച്ചിരുന്നു; പിന്നീട് ഫെലിസ്ത്യരുമായുായ യുദ്ധത്തിൽ മല്ലനായ ഗോല്യാത്തിനെ അവൻ കൊല്ലുന്നു; അവൻ ആളുകൾക്ക് വിസ്മയം ആകുകയും ശൗലിന് അവനോടു അസൂയ ജനിക്കുകയും ചെയ്തു. ശൗൽ രു പ്രാവശ്യം സ്വന്ത കൈകൊു ദാവീദിനെ കൊല്ലുവാൻ ശ്രമിച്ചു; കെണിയിൽ പെടുത്തുവാനായി മകളെ വിവാഹം ചെയ്തുകൊടുക്കാമെന്നു പറയുകയും, പിന്നെ വർഷങ്ങളോളം ഒരു കുറ്റവാളിയുടെ ജീവിതം പോലെ ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്ക് ഓടി ഒളിച്ചുകൊിരുന്നു. ഫെലിസ്ത്യരുമായുായ പുതിയ ഒരു യുദ്ധത്തിൽ, ദൈവം ശൗലിനെ ഉപേക്ഷിച്ചതുകൊു, അവൻ ആഭിചാരക്കാരനായ എൻഡോറിനെ സമീപിച്ച്, വരുവാനിരിക്കുന്ന യുദ്ധത്തിന്റെ ഗതിയറിയുവാൻ ശ്രമിക്കുന്നു. അടുത്ത ദിവസം ഗിൽബോവയിൽ വെച്ച് നടന്ന യുദ്ധത്തിൽ, യിസ്രായേൽ പരാജയപ്പെടുകയും, ശൗലിന്റെ രു പുത്രന്മാർ കൊല്ലപ്പെടുകയും, ശൗൽ, ബ്രൂട്ടസിനെയും ഫിലിപ്പിയയിലെ കാസിയസിനേയും പോലെ സ്വന്ത വാളാൽ കൊല്ലപ്പെട്ടു. അങ്ങനെ യാബേശ്-ഗിലെയാദിൽ ഉദിച്ചുയർന്ന സൂര്യൻ ഗിൽബോവയിൽ അസ്തമിച്ചു.

**4. ശൗലിന്റെ വാഴ്ച്ചയുടെ സ്വഭാവം.** – ശൗൽ പട്ടണങ്ങൾ പണിയുന്നവനോ, രാഷ്ട്രീയ സംഘാടകനോ, സാഹിത്യരക്ഷാധികാരിയോ, അല്ലെങ്കിൽ സത്യമതത്തെ പ്രോൽസാഹിപ്പിക്കുന്നവനോ ആയിരുന്നില്ല. അയൽരാജ്യങ്ങൾക്കൊപ്പം നില്ക്കുന്നതിൽ, ഭീഷണി നേരിട്ട സാഹചര്യത്തിൽ, അവൻ, ഒരു സൈനിക മേധാവിയായിരുന്നു. അത്തരത്തിൽ, അവൻ ആളുകളുടെ ഹൃദയത്തിനു യോജിച്ചവനായിരുന്നു. പക്ഷെ അവൻ കൂടുതൽ തന്നി-ഷ്ടത്തിൽ വളർന്നു, ദൈവഭരണം നിറവേറ്റുന്നതിനു യഹോവയോടുള്ള ഭക്തി കുറഞ്ഞു വരികയും ചെയ്തു, അതു ദേശത്തിൻ പൊതുവായ നന്മക്കു, ദൈവത്തിന്നു ബോധിച്ച ഹൃദയമുള്ള ഒരാൾക്കു വഴിമാറിക്കൊടുക്കുവാനുള്ള സാഹചര്യം ഒരുക്കി.

## III. ദാവീദിന്റെ ജീവിതവും വാഴ്ച്ചയും.
## (ബി.സി. 1055-1015. 1 ശമു. 16-31; 2 ശമു.; 1രാജാക്കന്മാർ 1-11:11; 1 ദിന. 11-29).

**ചരിത്രത്തിൽ ദാവീദിന്റെ സ്ഥാനം.** – പഴയനിയമചരിത്രത്തിലെ വലിയ മൂന്നു പേരുകളാണ് - അബ്രഹാമും, മോശെയും, ദാവീദും. അബ്രഹാം സ്ഥാപകനും, മോശെ നിയമ-ദാതാവും; ദാവീദ് ശ്രേഷ്ഠനായ രാജാവുമായിരുന്നു. അവന്റെ വാഴ്ച്ചയിൽ ദേശം ശക്തിയിലും സമൃദ്ധിയിലും ഉച്ചസ്ഥായിയിലായിരുന്നു. എന്നാൽ ദാവീദ് ഒരു രാജാവ് എന്നതിനേക്കാൾ അധികമായിരുന്നു; അവൻ തന്റെ ജനത്തിന്റെ കവിയുമായിരുന്നു. മോശെക്കു ശേഷം, ദാവീദിന്റെ ജീവിതവും എഴുത്തുകളുമാണ് എബ്രായ സാഹിത്യത്തിൽ നിറഞ്ഞു നില്ക്കുന്നത്. തീർച്ചയായും, മറ്റേതൊരു പഴയനിയമകഥാപാത്രത്തേക്കാളുമധികം വ്യക്തിപരമായ ചരിത്രമുള്ളത് അവന്നു മാത്രമാണ്. അവന്റെ ജീവിതവും വാഴ്ച്ചയും ഒരുപക്ഷെ അഞ്ചു യുഗങ്ങളായി തരംതിരിക്കാവുന്നതാണ്, അത്.:

1. **യുഗം I. – ബേത്‌ലഹേമിലെ ഇടയ ജീവിതം.** – *a. ജനനസ്ഥലവും കുടുംബവും.*– ബോവാസിന്റേയും രൂത്തിന്റേയും വലിയപേരക്കുട്ടിയും യിശ്ശായിയുടെ മകനുമായിരുന്നു ദാവീദ്. അവൻ, യെഹൂദാ ഗോത്രത്തിൽപെട്ടവനായിരുന്നു, യാക്കൊബ് പിതാവിന്റെ അനുഗ്രഹത്തിനു പങ്കുകാരായെങ്കിലും (ഉൽപ. 49:8–12) രാജകീയഗോത്രമാണെങ്കിലും, അതിന്റേതായി കാര്യമായിട്ടൊന്നും ചെയ്തിരുന്നില്ല. അറിയപ്പെടാത്ത ഒരു ഗ്രാമമായ, ബേത്‌ലഹേമിലായിരുന്നു ദാവീദ് ജനിച്ചത്, അത് അവന്റെ മാത്രം ജനനസ്ഥലമായിരുന്നില്ല, അവന്റെ വരുവാനിരുന്ന ശ്രേഷ്ഠ സന്തതിയുടേയും, ജനനസ്ഥലമായി മാറി അത്.

*b. അവന്റെ തൊഴിൽ.* – ദാവീദ് ഒരു ഇടയനായി, താഴ്മയുള്ളവനായി, ധൈര്യത്തോടെ കാത്തുകൊൾവാൻ ആദരിക്കപ്പെട്ടു വിളിക്കപ്പെട്ടു. അവന്റെ യുവത്വത്തിലെ രേഖപ്പെടുത്തിയ സാഹസങ്ങളിൽ പെടുന്നതാണ് ആട്ടിൻകൂട്ടത്തെ രക്ഷിക്കുവാൻ ഒരു സിംഹത്തെയും കരടിയെയും കൊന്നത്. പുറത്തുള്ള അവന്റെ ആട്ടിടയജീവിതത്തെ വരച്ചു കാണിക്കുന്നതാണ് അവന്റെ പല സങ്കീർത്തനങ്ങളും.

*c. രഹസ്യത്തിൽ അവനെ അഭിഷേകം ചെയ്യൽ.* – ശൗലിനെ തള്ളിയ ശേഷം, അവനെ പിന്തുടരുവാൻ യിശ്ശായിയുടെ മക്കളിൽ ഒരാളെ തിരഞ്ഞെടുക്കുവാൻ ദൈവം ശമുവേലിനെ അയച്ചു. അവന്റെ മൂത്തമകനായ ഏലിയാബ്, കാഴ്ച്ചക്കു സുമുഖനായതുകൊു അവൻ കൊള്ളാമെന്നു ശമുവേലിനു തോന്നി. പുറമെ കാണുന്നതിലല്ല ആത്മാർത്ഥ ഹൃദയമാണ് വിശ്വസ്തതക്കു കാര്യമെന്നു, ശമുവേൽ പോലും മറന്നു പോയെന്നു തോന്നുന്നു. സൈനികമികവിലും, കുറെയൊക്കെ കാഴ്ച്ചയിലും, ശൗൽ, ജനഹൃദയങ്ങൾക്കു യോജിച്ചവനായിരുന്നു. യിശ്ശായിയുടെ മക്കളിൽ, അവസാനം ദാവീദ് വരുന്നതുവരെ ഓരോരുത്തരായി വരികയും നിരസിക്കുകയും ചെയ്തു. യിസ്രായേലിന്റെ വാസ്തവമായ രാജാവായിരുന്ന യെഹോവയോടു ഭക്തിയുള്ള ദാവീദ് "ദൈവത്തിനു ബോധിച്ച ഹൃദയമുള്ളവൻ," ആയിരുന്നു. കുടുംബത്തിനുപോലും, ഒരുപക്ഷെ മുഴുവനും മനസിലാകാതിരുന്ന രഹസ്യത്തിലായിരുന്നു ദാവീദിന്റെ അഭിഷേകം.

*d. ശൗലിനു വേി ഗാനം ആലപിക്കൽ.* – "അന്നു മുതൽ[1] യഹോവ

യുടെ ആത്മാവു ദാവീദിൽ വന്നു.” “എന്നാൽ യഹോവയുടെ ആത്മാവു ശൗലിനെ വിട്ടുമാറി യഹോവ അയച്ച ഒരു ദുരാത്മാവു അവനെ ബാധിച്ചു (1 ശമു. 16:13, 14). ദാവീദിനെ അഭിഷേകം ചെയ്തതിനെ പ്രതിപാദിച്ചു രേഖപ്പെടുത്തിയിരിക്കുന്നത് അതാണ്. അന്നത്തെ ആചാരമനുസരിച്ചു, സംഗീതത്താൽ അവന്റെ അശുദ്ധാത്മ ബാധ ശമിപ്പിക്കാമെന്നു, രാജധാനിയിലുള്ളവർ കരുതി. യുവാവായിരുന്ന ദാവീദ്, സംഗീതത്തിൽ പ്രസിദ്ധനായി തീർന്നിരുന്നതുകൊ്, രാജധാനിയിൽ വന്നു പാടുവാൻ അവനെ വിളിച്ചു. രാജധാനിയിലേക്കുള്ള അവന്റെ വരവു, താൽക്കാലികമായിരുന്നു, അല്ലെങ്കിൽ, സന്ദർഭവശാൽ മാത്രമായിരുന്നു, കാരണം, അവൻ പിന്നെയും, തന്റെ അപ്പന്റെ ആടുകളെ മേയ്ക്കുവാൻ പോകുന്നതായി നാം കാണുന്നു്.

*e. ഗോല്യാത്തുമായുള്ള ദാവീദിന്റെ യുദ്ധം.* – ഉടനെ തന്നെ ശൗൽ ഫെലിസ്ത്യരുമായി മറ്റൊരു യുദ്ധത്തിന് ഒരുങ്ങി. നാല്പതു ദിവസത്തോളം ഗോല്യാത്ത് എന്ന മല്ലൻ ഒറ്റക്ക് യിസ്രായേലിനു നേരെ വെല്ലുവിളി ഉയർത്തിക്കൊിരുന്നു, അവനെ നേരിടുവാനുള്ള ഒരു ശക്തൻ യിസ്രായേൽ പാളയത്തിൽ അതുവരെയുമില്ലായിരുന്നു. സൈന്യത്തിലുള്ള തന്റെ സഹോദരന്മാരെ തിരക്കി യുവാവായിരുന്ന ദാവീദ് ചെല്ലുകയും, മല്ലന്റെ വെല്ലുവിളി ഏറ്റെടുക്കുകയും, കല്ലും കവിണയുമല്ലാതെ മറ്റായുധങ്ങൾ ഒന്നുമില്ലാതെ, യഹോവയിലുള്ള വിശ്വാസത്താൽ അവൻ, തന്നെത്താൻ ഉയർത്തിയ ആ ഫെലിസ്ത്യനെ പരാജയപ്പെടുത്തി. പൊതുവായി, യിസ്രായേൽ, ആ വിജയം ആഘോഷിക്കുവാൻ തുടങ്ങി. ദാവീദിന്റെ ധൈര്യപൂർവ്വമായ പ്രവൃത്തിക്കു രു ഫലങ്ങളുായി: ശൗലിന്റെ മകനായ, യോനാഥാന്റെ ആത്മാവു, ദാവീദിനോടു പറ്റിച്ചേരുകയും, ആ സൗഹൃദം, ദാവീദിനെ ശൗലിന്റെ ഭവനസൈന്യത്തിലെ അംഗമായി അവൻ തീരുകയും ചെയ്തു.

**2. യുഗം II.–ശൗലിന്റെ രാജധാനിയിലെ ദാവീദിന്റെ ജീവിതം.** – *a. ശൗലിന്റെ അസൂയ.* – യുദ്ധം ജയിച്ചുവന്നവർ ആഘോഷഭരിതമായി പ്രദക്ഷിണമായി സ്ത്രീകൾ പാട്ടു പാടി, “ശൗൽ ആയിരത്തെ കൊന്നു ദാവീദോ പതിനായിരത്തെ.”[2] തന്നെ രാജസ്ഥാനത്തുനിന്നു നീക്കം ചെയ്തു എന്നും, അടുത്തതു ദാവീദായിരിക്കുമെന്നും ശൗൽ അറിഞ്ഞു. “അതു കൊു അന്നു മുതൽ ശൗൽ ദാവീദിന്മേൽ ദൃഷ്ടി വെച്ചു.”[3]

ദാവീദ് തന്നെത്താൻ ഒതുങ്ങിയെങ്കിലും, അവന്റെ പ്രസിദ്ധി ശൗലിന്റെ അസൂയ കൂടുതൽ ജ്വലിപ്പിക്കുകയാണുായത്. ശൗൽ ആവർത്തിച്ച് ദാവീദിനെ കൊല്ലുവാൻ ശ്രമിച്ചു; രു പ്രാവശ്യം സ്വന്തകൈകൊും, ഒരിക്കൽ തന്റെ രാജധാനിയിലുള്ളവരോട് അവനെ കൊല്ലുവാൻ പറഞ്ഞു; നൂറു ഫെലിസ്ത്യരെ കൊന്നാൽ തന്റെ മകളെ വിവാഹം ചെയ്തു തരാമെന്നുപറഞ്ഞു കെണിയിൽ അകപ്പെടുത്തുവാനും ശ്രമിച്ചു. ആ പരിശ്രമസമയത്തെല്ലാം, ശൗലിന്റെ മകനായ യോനാഥാൻ ദാവീദിനു സുഹൃത്തായുായിരുന്നു, എന്നാൽ അവസാനം തന്റെ അപ്പൻ ദാവീദിനെ വക വരുത്തുവാൻ ശ്രമിച്ചപ്പോഴെല്ലാം, അതിൽനിന്നും രക്ഷപ്പെടുവാൻ യോനാഥാൻ ദാവീദിനെ ഔദാര്യമായി സഹായിച്ചു.

**3. യുഗം III. – ദാവീദിന്റെ കുറ്റവാളിയായ ജീവിതം.** – ശൗൽ വേട്ടയാടിയ ഒരു കുറ്റവാളിയായിട്ടാണ് ദാവീദ് നിരവധി വർഷം കഴിഞ്ഞത്, താൻ സ്നേഹിച്ച ആളുകളാലും ത്യജിക്കപ്പെട്ടു, ഒരിടത്തും അഭയമില്ലാതെ വന്നു. യോസേഫിനെയും, മഹാനായ ആൽഫ്രെഡിനെയും, റോബെർട്ട് ബ്രൂസി

നെപോലെയും, ദൂരവസ്ഥാ പാഠശാലയിലൂടെ അവൻ പരിശീലിക്കപ്പെടുക യായിരുന്നു. ശൗലിന്റെ രാജധാനിയിൽനിന്നും ദാവീദ് ഓടിപോയി, സമാഗ മനകൂടാരവും, കാഴ്ച്ചയപ്പവും ഗോല്യാത്തിന്റെ വാളും, കടുത്ത സ്ഥല മെന്നു പറയപ്പെടുന്ന സ്ഥലമായ നോബിൽ എത്തി. പിന്നെയും അവൻ ഓടി, തന്റെ പഴയ പ്രതിയോഗിയായിരുന്ന ഗോല്യാത്തിന്റെ സ്ഥലമായ, ഫെലിസ്ത്യ പട്ടണമായ ഗാത്തിലും ചെന്നു. അവിടെയും അവൻ സുരക്ഷിതനായിരുന്നി ല്ല, കാരണം ഫെലിസ്ത്യർ അവനെ തിരിച്ചറിഞ്ഞു, തൻനിമിത്തം അവൻ യെഹൂദ്യയുടെ പടിഞ്ഞാറുള്ള അതുല്ലാ ഗുഹയിൽ പോയി ഒളിച്ചിരുന്നു. പെട്ടെന്നു നിയമഭ്രഷ്ടരുടെ സംഘത്തെ ചേർത്ത്, അവൻ അവരുടെ നേതാ വായി. പ്രായമായ അവന്റെ മാതാപിതാക്കളെ യോർദ്ദാൻ കടത്തി സുരക്ഷി തമായി മോവാബിൽ എത്തിച്ചശേഷം, അവൻ ചാവുകടലിന്നു പടിഞ്ഞാ റുള്ള കുന്നും കാടുമുള്ള ഉൾപ്രദേശങ്ങളിലേക്കു മടങ്ങിപോയി. ശൗൽ അവനെ ഒരു സ്ഥാനത്തുനിന്നും മറ്റൊരുസ്ഥാനത്തേക്കു വേട്ടയാടിക്കൊ ിരുന്നു. രു പ്രാവശ്യം ശൗൽ ദാവീദിന്റെ കയ്യിൽ അകപ്പെട്ടു, എന്നാൽ മഹാമനസ്ക്കനായ അവൻ ശൗലിനെ ഒന്നും ചെയ്തില്ല. യഹോവയുടെ അഭിഷിക്തന്റെ മേൽ കൈവെക്കുകയില്ല എന്ന് അവൻ തീരുമാനിച്ചു. രാജാ വായി അവനെ അഭിഷേകം ചെയ്തതിനാൽ അവന്നു ദൈവിക അധികാരം ഉായിരുന്നുവെങ്കിലും, അവൻ ദൈവത്തിന്റെ സമയത്തിനായി കാത്തിരു ന്നു. ഈ കാലത്ത് എപ്പോഴോ ആണ് യോനാഥാനും ദാവീദുമായുള്ള അവ സാനത്തെ സ്പർശിക്കുന്ന കൂടിക്കാഴ്ച്ച നടത്തുന്നത്. സാഹചര്യങ്ങൾ അവരെ തമ്മിൽ സ്വാഭാവികമായ എതിർദിശകളിലാക്കി, ഉന്നത നായകന്മാ യിരുന്ന ആ പ്രാണസ്നേഹിതന്മാരുടെ സൗഹൃദത്തെ ഉലയ്ക്കുവാൻ ഒരു എതിർപ്പിനും കഴിഞ്ഞില്ല. ഒരിക്കൽകൂടെ ദാവീദ് ഫെലിസ്ത്യരെ അഭയം തേടി. അവരുടെ രാജാവായിരുന്ന, ആകീശ്, അവനോടു ദയ കാണിച്ചു, എന്നാൽ ഫെലിസ്ത്യപ്രഭുക്കന്മാർ അവനെ അവിശ്വസിച്ചു; പിന്നെ, ശൗലു മായുള്ള അവരുടെ അവസാനയുദ്ധത്തിൽ, ദാവീദിനോടുള്ള അവരുടെ അസൂയ അവനെ വേദനാജനകമായ അവസ്ഥയിലെത്തിച്ചു, അതു ആകീശ് അവനെ സ്വന്ത ജനത്തിനെതിരായി യുദ്ധത്തിനുപോകുവാൻ പറഞ്ഞതാ ണ്. എങ്ങനെയായാലും, അവസാനം യുദ്ധത്തിൽ ശൗൽ പരാജയപ്പെടു കയും മരണമടയുകയും ചെയ്തപ്പോൾ അതു ദാവീദിനു സിംഹാസനത്തി ലേക്കുള്ള വഴി തുറന്നു.

**4. യുഗം IV. – യെഹൂദ്യയുടെ രാജാവ്; ആഭ്യന്തര യുദ്ധം.** – പുതുമോ ടിയായ അവൻ ഏതു വിധത്തിലുള്ള രാജാവായിതീരും? ഏറ്റവും മോശ മായ ഒന്നു, തന്റെ വ്യക്തിപരമായ ശത്രുക്കളോടു പ്രതികാരം വീട്ടലായിരി ക്കും, അവരിൽനിന്നെല്ലാം മൊത്തത്തിൽ പിടിച്ചെടുക്കാൻ ശ്രമി ക്കുന്നതായിരുന്നോ? എന്നാൽ “ദൈവത്തിനു ബോധിച്ച ഹൃദയമുള്ള മനു ഷ്യൻ” അങ്ങനെ ആയിരുന്നില്ല. കുറ്റവാളി എന്ന നിലയിൽ പ്രവാസത്തിലാ യിരുന്നപ്പോഴും ഒരു രാജാവിന്റെ മഹാമനസ്കതയും ഇന്ദ്രിയ-ജയവും അവ നിലുായിരുന്നു. മുന്നെതിരാളികളോടെല്ലാം അവൻ ദയയോടെയാണ് പെരു മാറിയത്, എന്നാൽ ശൗലിനെ യുദ്ധത്തിൽ കൊന്നു എന്നു കള്ളം പറഞ്ഞു പ്രതിഫലം വാങ്ങുവാൻ ശ്രമിച്ച ഫെലിസ്ത്യനെ അവൻ കൊല്ലുകയും ചെയ്തു. ശൗലിനെയും യോനാഥാനെയും കുറിച്ച് അവൻ ഒരു ശോക ഗാനവും രചിക്കുകയുായി. തന്റെ നിയമഭ്രഷ്ടജീവിതത്തിൽ ദാവീദ് തന്റെ

ഗോത്രമായ യെഹൂദ്യയിലെ പ്രമാണിമാരുടെ വിശ്വാസം നേടിയിരുന്നു, അവർ ഇപ്പോൾ അവനെ ആദ്യം രാജാവായി അംഗീകരിക്കയും ചെയ്തു. പിതാക്കന്മാരുടെ കാലത്തെ പുരാതനമായ ഒരു പട്ടണമായിരുന്നു ഹെബ്രോൻ. അവിടെ അബ്രഹാം ജീവിച്ചു; യിസഹാക്ക് ജനിച്ചതും അവിടെയായിരുന്നു, അബ്രഹാമിനെയും, സാറയെയും, യിസഹാക്കിനേയും റിബേക്കയേയും, യാക്കൊബിനെയും ലേയയേയും അടക്കിയതു, മക്പേലാ ഗുഹയിലായിരുന്നു. കീഴ്പ്പെടുത്തിക്കൊിരുന്ന സമയത്താണ് കനാന്യപട്ടണങ്ങളിലൊന്നു കൈവശമാക്കിയത്. ദാവീദ് അവിടെ തന്റെ തലസ്ഥാനം ഉറപ്പിച്ചു; അവിടെ വെച്ച് യെഹൂദാ പുരുഷന്മാർ ദാവീദിനെ പരസ്യമായി അഭിഷേകം ചെയ്തു, അവിടെ അവൻ ഏഴു സംവൽസരം ഏക ഗോത്രത്തെ വാണു. മറ്റു ഗോത്രങ്ങൾ ശൗലിന്റെ പുത്രനായ ഈശ്ബോശേത്തിനോടു ചേർന്നിരുന്നു. അവൻ ബലഹീനനായിരുന്നു, ഒരു അലങ്കാര-തലയായിരുന്നു. അവനുവേി യജമാന-മനോഭാവത്തിൽ ഭരണം നടത്തിയിരുന്നത് അവന്റെ സൈന്യാധിപനായിരുന്ന അബ്നേർ ആയിരുന്നു. അവർ തങ്ങളുടെ തലസ്ഥാനമായി തിരഞ്ഞെടുത്തത്, യോർദ്ദാന്റെ കിഴക്കുള്ള മഹാനയിം ആയിരുന്നു, അവരുടെ ഭാഗത്ത് പതിനൊന്നു ഗോത്രങ്ങളുമായി, എതിർ രാജ്യമായി ഏഴു വർഷം കഴിഞ്ഞു. ഏഴു വർഷത്തെ ആഭ്യന്തരയുദ്ധത്തിനുശേഷം, ഈശ്ബോശേത്ത് തന്റെ സൈന്യാധിപനായ അബ്നേരുമായി കലഹിക്കുകയും, അബ്നേർ ദാവീദുമായി കൂടിയാലോചിച്ച് പതിനൊന്നു ഗോത്രങ്ങൾ കൂടെ ദാവീദിന്റെ അധീനതയിലാക്കുകയും ചെയ്തു. എന്നാൽ ദാവീദിന്റെ സൈന്യാധിപനായിരുന്ന യോവാബിനു, അബ്നേരിനോടു അസൂയയുായിരുന്നതുകൊ്, തെറ്റിദ്ധരിച്ചു അവനെ കൊല്ലുകയാണുായത്. അബ്നേരിന്റെ മരണത്തോടെ എതിർരാജ്യം തകർന്നുപോയി, അങ്ങനെ ദാവീദ് യിസ്രായേലിന്റെ മുഴുവൻ രാജാവായിതീർന്നു.

**5. യുഗം V. – എല്ലാ യിസ്രായേലിന്റേയും രാജാവ്.** – ദാവീദ് പരസ്യമായി രാമതും ഹെബ്രോനിൽ വെച്ച് അഭിഷിക്തനായി. എല്ലാ ഗോത്രങ്ങളേയും അവൻ വാണതായ മുപ്പത്തി-മൂന്നു വർഷക്കാലത്തെ ഭരണത്തെ മൂന്നു കാലങ്ങളായി അഥവാ മൂന്നു ഭാഗങ്ങളായി തരംതിരിക്കാം.

*a. സമ്പൽസമൃദ്ധിയും അധികാരവും വർദ്ധിക്കുന്ന കാലം.* – ദൈവത്തോടുള്ള വിശ്വാസ കാലയളവായും ഇതിനെ പറയാം. കൂടുതലും മദ്ധ്യഭാഗത്തേക്കു തലസ്ഥാനം മാറ്റുക എന്നതായിരുന്നു ദാവീദിന്റെ ആദ്യനടപടി. യേബസ് അല്ലെങ്കിൽ യെരുശലേമായിരുന്നു പഴയ കനാന്യ തലസ്ഥാനം. രുപ്രാവശ്യത്തെ വിജയസമയം മുതൽ – ഒരിക്കൽ യോശുവയുടെ കാലത്തും, പിന്നെ ന്യായാധിപന്മാരുടെ കാലത്തും – പട്ടണം പിടിച്ചെടുത്തിരുന്നു; എന്നാൽ യെബൂസ്യർ കോട്ടക്കുള്ളിലെ അഭയസ്ഥാനം പിടിച്ചുവെച്ചതുകൊു, പട്ടണത്തെ നിയന്ത്രിച്ചിരുന്നു. ദാവീദ് അതിനെ കീഴ്പ്പെടുത്തി, നിയമപെട്ടകം അവിടേക്ക് മാറ്റിക്കൊ്, അതു രാഷ്ട്രീയവും മതപരവുമായ തലസ്ഥാനമാക്കി. ദാവീദിന്റെ കാലം മുതൽ അതു എബ്രായരുടെ പട്ടണങ്ങളുടെ പട്ടണമായിരുന്നു. കനാന്യഗോത്രത്തിന്റെ ഒരു ചെറിയ കഷണത്തിൽ മാത്രം ദാവീദ് ഒതുങ്ങിയില്ല. യുദ്ധത്തിൽ ശൗൽ മഹാനായിരുന്നു എങ്കിൽ, ദാവീദ് അതിമഹാനായിതീർന്നു. അവൻ എല്ലാ ദിക്കുകളിലേക്കും കടന്നു ഫെലിസ്ത്യർ ഏദോമ്യർ മോവാബ്യർ അമ്മോന്യർ സുറിയക്കാർ എന്നിവരുടെ പ്രദേശങ്ങളിലും ചെന്നു, മിസ്രയിം മുതൽ എഫ്രാത്ത് വരെ

തന്റെ അധികാരപരിധി വ്യാപിപ്പിച്ചു. ഫൊയിനിക്യ അവനോടു സഖ്യതയുാക്കി, അവരുടെ രാജാവു, ഹിരാം, അവരുടെ സ്വാതന്ത്ര്യം നിലനിർത്തി. അങ്ങനെ ദാവീദിന്റെ സാമ്രാജ്യവികസനത്തിലൂടെ അബ്രഹാമിനോടു ദൈവം ചെയ്ത വാഗ്ദാന ഉടമ്പടി നിറവേറപ്പെട്ടു.

*b. താഴ്ച്ചയുടെ കാലം.* – ദാവീദ് മഹാനായിരുന്നുവെങ്കിലും, അവൻ പരീക്ഷണത്തിനപ്പുറമായിരുന്നില്ല. അവന്റെ സൈനിക ഉദ്യോഗസ്ഥനായിരുന്ന, ഊരിയാവിനെ യുദ്ധത്തിൽ കൊല്ലിച്ച്, അവന്റെ ഭാര്യ ബേത്ത്ശേബയെ, കു ഭ്രമിച്ചതിനാൽ, സ്വന്തഭാര്യയാക്കി. നാഥാൻ പ്രവാചകൻ ദാവീദിനെ വന്നു കാണുകയും, അവന്റെ ഭീമാകാരമായ കുറ്റം ഒരു പെണ്ണാടിന്റെ ഉപമയിലൂടെ ബോധ്യമാക്കുകയും ചെയ്തു. ദാവീദ് മാനസാന്തരപ്പെട്ടതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് സങ്കീർത്തനങ്ങൾ അമ്പത്തി-ഒന്ന്. പക്ഷെ ഒരു മാനസാന്തരത്തിനും അവന്റെ പാപഫലം നീക്കുവാൻ കഴിയുമായിരുന്നില്ല. അന്നുമുതൽ ദാവീദിന്റെ ആകാശം നിർഭാഗ്യത്താൽ മൂടപ്പെടുവാൻ തുടങ്ങി. ഒരു മകൻ തന്റെ സഹോദരിയോടു അപമര്യാദയായി പെരുമാറിയതു കൊു ആ മകനെ കൊന്നു. ഒരു ലഹളയിൽ അവന്റെ പ്രിയ അബ്ശാലോം ഇല്ലാതാകുകയും രാജാവിന്റെ പദവിക്കും ജീവിതത്തിനും തന്നെ ഭീഷണിയാവുകയും ചെയ്തു. അവന്റെ വിശ്വസ്ത സൈന്യാധിപനായിരുന്ന, യോവാബ്, മൂത്തമകൻ അദോനിയാവിന്റെ, ഗൂഢാലോചന ശ്രദ്ധിക്കുകയും; ശലോമോന്റെ പിൻതുടർച്ച, സുരക്ഷിതമാക്കുകയും ചെയ്തു. നാല്പതു വർഷത്തെ ഭരണശേഷം, ദാവീദ് മരിച്ചുപോയി.

**6. ദാവീദിന്റെ വാഴ്ചയുടെ സ്വഭാവം.** – എബ്രായ ചരിത്രത്തിൽ ഏറ്റവും മഹത്തായ ഭരണമായിരുന്നു ദാവീദിന്റേത്. പുറമെ അറിയപ്പെടുന്ന നിലയിൽ ശലോമോന്റേത് അതിനെ മറി കടന്നിരുന്നു, എന്നാൽ ദാവീദിന്റേത് പ്രഭാവത്തിലും സമ്പത്തിലും, ഏറ്റവും ഉച്ചസ്ഥായിയിലായിരുന്നതു ദാവീദിന്റെ വാഴ്ച്ചയിലായിരുന്നു.

*a. അത് ഒരു സൈനിക വാഴ്ച്ചയായിരുന്നു.* – ആ കാലത്ത് മിസ്രയിമും അശൂര്യരും അധഃപതനത്തിലായിരുന്നു, പടിഞ്ഞാറൻ ആസ്യയിലെ കുറച്ചു ദേശങ്ങൾ മാത്രമെ അവർക്കുായിരുന്നുള്ളൂ. ഔന്നത്യത്തിൽ മാത്രമെ സുരക്ഷിതത്വമുായിരുന്നുള്ളൂ. ദാവീദിന്റെ വിജയഗാഥകൾ, ദാവീദിന്റെ മുൻകാല മാഹാത്മ്യത്തെ നിഷ്പ്രഭമാക്കിക്കൊ്, അവന്റെ സാമ്രാജ്യം മിസ്രയിം തൊട്ട് എഫ്രാത്ത് വരെ വ്യാപിപ്പിച്ചു.

*b. ആഭ്യന്തര വളർച്ചയുടെ കാലമായിരുന്നു അത്.* – ഒരു സ്വാഭാവിക സംഘാടകനായി, മനുഷ്യരെ ഭരിക്കുവാൻ ജനിച്ചവനായിരുന്നു ദാവീദ്. രാഷ്ട്രീയ ഭരണസംവിധാനത്തെയും സാമ്രാജ്യത്തിന്റെ വ്യാവസായികശക്തിയും സംഘടിപ്പിച്ചു; ഉപയോഗപ്രദമായ ആഭരണകലാരൂപത്തെയും അവൻ പരിചയപ്പെടുത്തിക്കൊടുത്തു; കോട്ടകളും കൊത്തളങ്ങളും പണിതു; അതിലെല്ലാമുപരിയായി, യെരുശലേമിനെ മോടി പിടിപ്പിച്ചു, അവിനെ ഒരു രാജകൊട്ടാരം പണിയുകയും, ദേശത്തിന്റെ പ്രൗഢിയായി “ദാവീദിന്റെ പട്ടണവും” പണിതു.

*c. അതൊരു സാഹിത്യപരമായ വാഴ്ച്ചയായിരുന്നു.* – ബൈബിളിലെ ഏറ്റവും നല്ല പദ്യങ്ങൾ സങ്കീർത്തനങ്ങളാണ്, ഏറ്റവും നല്ല സങ്കീർത്തനങ്ങൾ ദാവീദിന്റേതുമാണ്. സാഹിത്യരൂപത്തിലോ, കവിതയിലോ എഴുത്തുകാരിൽ ദാവീദ് മാത്രമായിരുന്നില്ല, നാം അതു കൂടുതലായി കാണും. എല്ലാ

റ്റിലും ഉപരിയായി.

*d. അത് ഒരു മതപരമായ വാഴ്ചയായിരുന്നു.* - ഒരു ഇരു കുറ്റം അവനിലുായിരുന്നെങ്കിലും, ദാവീദ് ഹൃദയത്തിൽ ദൈവഭക്തിയുള്ളവനായിരുന്നു. അവന്റെ ജീവിതത്തിലെ *ഒഴുക്ക്* ശരിയായിരുന്നു. ദൈവത്തിലുള്ള വിശ്വാസം, ദൈവഭക്തി, ദൈവത്തോടുള്ള നന്ദി - എന്നിവഅവനെ മറ്റുള്ള രാജാക്കന്മാരിൽനിന്നു വേർപെടുത്തി നിർത്തി, അതു അവൻ ദേശത്തിൽ പ്രകടമാക്കുകയും ചെയ്തു. ഫെലിസ്ത്യരിൽ നിന്നു വിശുദ്ധ നിയമപെട്ടകം പിടിച്ചെടുത്തതുമുതൽ, കിരിയാത്ത്-യിയേരയിൽനിന്നു, അതിനെ യെരുശലേമിലേക്കു മാറ്റി. ദേശത്തിന്റെ മതപരമായ പ്രവൃത്തികൾ പെട്ടെന്നു അവൻ മടക്കി കൊുവന്നു, അതിനെ ഉച്ചസ്ഥായിയിൽ നിർത്തി. ദൈവാലയം പണിയുന്നതു ദൈവം വിലക്കുന്നതുവരെ അവൻ അതിനു വേ ഒരുക്കങ്ങൾ നടത്തി. സത്യദൈവത്തെ ആരാധിക്കുന്ന കാര്യത്തിലുള്ള നിർണ്ണായമായ അവന്റെ താല്പര്യം, പിന്നീടു വരുന്ന രാജാക്കന്മാർക്കു അനുകരിക്കാവുന്ന മാതൃകയായിരുന്നു. "അവൻ ദാവീദിന്റെ വഴിയിൽ നടന്നു"; "അവൻ ദാവീദിന്റെ വഴിയിൽ നടന്നില്ല"; എന്നാണ് ദാവീദിന്റെ പിന്തുടർച്ചക്കാരെ പറ്റി ചരിത്രകാരൻ പുകഴ്ത്തിയും ഇകഴ്ത്തിയും പറഞ്ഞത്. അവൻ പിന്നീടു ഭൂമി മുഴുവൻ നീതിയോടെ ഭരിക്കേതിന്നു വരുവാനിരുന്ന മശിഹയുടെ ഒരു ഏറ്റവും ഉയർന്ന നിഴലായിരുന്നു അവൻ.

### IV. ശലോമോന്റെ സ്വഭാവവും വാഴ്ച്ചയും.
### (1 രാജാക്കന്മാർ 2-11; 2 ദിന. 1-9.)

**1. ശലോമോന്റെ സ്ഥാനം ഏല്ക്കലും ആധിപത്യവും.** - ''രാജവംശത്തിൽ ജനിച്ച" എബ്രായരാജാവു ശലോമോൻ മാത്രമായിരുന്നു. പിന്തുടർച്ചയെ സംബന്ധിച്ചുള്ള ചോദ്യം ചരിത്രത്തിൽ തന്നെ കുഴപ്പം പിടിച്ചതാണ്. ദാവീദിനു അവന്റെ വിവിധ ഭാര്യമാരിൽനിന്നു ധാരാളം പുത്രന്മാരുായിരുന്നു. അമ്നോനെയും അബ്ശാലോമിനെയും, നാം കുകഴിഞ്ഞു, അവർ ദാരുണമായി കൊല്ലപ്പെട്ടു. മറ്റു പുത്രന്മാരെയെല്ലാം മറികടന്നു, ദാവീദ് ശലോമോനെ രാജാവാക്കി. ഒരുപക്ഷെ, ദാവീദ് അവനെ തിരഞ്ഞെടുക്കുവാൻ കാരണം, ശലോമോന്റെ അമ്മ, ബേത്ത്ശേബയോടുള്ള പക്ഷഭേദം കൊാകാം, അല്ലെങ്കിൽ ഒരുപക്ഷെ ശലോമോന്റെ ഉയർന്ന യോഗ്യതകൾ പരിഗണിച്ചാകാം. അദോനിയാവിന്റെ മൽസരസമയത്ത്, ദാവീദിന്റെ മരണത്തോടെ ശലോമോൻ സമാധാനത്തോടെ തന്റെ സിംഹാസനം ഉറപ്പിച്ചു. എന്നാൽ അദോനിയാവിനു അനുകൂലമായി മറ്റൊരു ഗൂഢാലോചന പ്രത്യക്ഷമാകുകയും, അദോനിയാവിനെയും യോവാബിനെയും കൊല്ലുവാൻ ശലോമോൻ കല്പന കൊടുക്കുകയും ചെയ്തു. അവൻ അങ്ങനെ തന്റെ അപ്പന്റെ വിശാലമായ ആധിപത്യത്തെ ഏറ്റെടുത്തു. അവന്റെ പദ്ധതികളെയോ ആഭ്യന്തരവളർച്ചയെയോ തടസപ്പെടുത്താതെ, വലിയ കുഴപ്പങ്ങൾ കൂടാതെ അവൻ നാല്പതു സംവൽസരം വാണു.

**2. ശലോമോന്റെ ബുദ്ധിയുള്ള തിരഞ്ഞെടുപ്പ്.** - സ്ഥാനം ഏറ്റ ഉടനെ ശലോമോൻ യെരുശലേമിനു ഏഴു മൈൽ കിഴക്കുള്ള ഗിബെയോനിൽ വെച്ച്, മതപരമായ ഒരു ഗംഭീര ആഘോഷം നടത്തി, അവിടെയായിരുന്നു ആ പഴയ സമാഗമനകൂടാരം സ്ഥിതിചെയ്തിരുന്നത്. ഭരണഭാരത്തെകുറിച്ചുള്ള ചിന്ത ആ യുവഹൃദയത്തെ അലട്ടിയിരുന്നു, കാരണം ആ രാത്രിയിൽ ഒരു ദർശന

ത്തിൽ യഹോവ അവന്നു പ്രത്യക്ഷനായി എന്തു വേണമെങ്കിലും ചോദിക്കാമെന്ന് അവനോടു പറഞ്ഞു; അപകടകരമായ സ്വാതന്ത്ര്യം, നമുക്ക് എല്ലാവർക്കും തോന്നുന്നതുപോലെ. താഴെ കിടയിലുള്ള എല്ലാ വസ്തുക്കളെയും മറികടന്നു ശലോമോൻ, അവന്റെ ജനത്തെ ഭരിക്കുവാനുള്ള വിവേകമാണ് ആവശ്യപ്പെട്ടത്. "വിവേകം ആവശ്യപ്പെട്ടുകൊ് അവൻ തന്റെ ജ്ഞാനം തെളിയിച്ചു"; മറ്റെല്ലാ സമകാലികങ്ങളേക്കാളുമധികം ജ്ഞാനം അവനു നല്കി. പ്രായോഗികമായി തീരുമാനം എടുക്കുവാൻ അവന്റെ ജ്ഞാനം ഉപയോഗിച്ചതായി ചിത്രീകരിച്ചിട്ടു് (1 രാജാക്കന്മാർ 3:16–28), ശാസ്ത്രീയമായ അറിവിലും സാഹിത്യത്തിലുള്ള മികവിലും അതു പ്രകടമാക്കി (1 രാജാക്കന്മാർ 4:29–34). അവന്റെ മൂവായിരം സദൃശവാക്യങ്ങളിൽ, ആയിരത്തിൽ കുറയാതെ നമുക്ക് കിട്ടിയിട്ടു്; സങ്കീർത്തനങ്ങൾ 72-ഉം 128-ഉം, അവന്റെ പേരിൽ എഴുതപ്പെട്ടതു മാറ്റി നിർത്തിയാൽ, അവന്റെ ആയിരത്തി അഞ്ചു "ഗാനങ്ങളിൽ" ഒന്നു സൂക്ഷിച്ചിട്ടു്. ഭരണപരമായ പല കടമകൾക്കിടയിലും വ്യാവസായിക നിർമ്മാണങ്ങൾക്കിടയിലും അത്തരം സാഹിത്യരചനകൾ നടത്തുക എന്നതു അവന്റെ ബുദ്ധിപരമായ മികവിനെയാണ് കാണിക്കുന്നത്; രേഖ മനസിലാക്കി തരുന്നത് "ശലോമോന്റെ ജ്ഞാനം കേൾക്കുവാൻ എല്ലാ ആളുകളും, ഭൂമിയിലെ സകലരാജാക്കന്മാരും വന്നു,"[4] ശേബാരാജ്ഞിയും വന്നു പറഞ്ഞു, "പകുതി പോലും എന്നോടു പറഞ്ഞിരുന്നില്ല."[5]

**3. ശലോമോന്റെ ആലയം.** – ആ യുവരാജാവിന്റെ മുൻഗണനകളിൽ ആദ്യത്തേത് ദൈവാലയം പണിയുക എന്നതായിരുന്നു. അതിനുവേ പദ്ധതികളും വിസ്തൃതമായ ഒരുക്കങ്ങളും ദാവീദ് നടത്തിയിരുന്നു. സോർ രാജാവായിരുന്ന ഹീരാമുമായുള്ള സഖ്യത്താൽ ലബനോൻ പർവ്വതത്തിൽനിന്നു ദേവദാരുവും പ്രഗത്ഭരായ ജോലിക്കാരെയും ഉറപ്പാക്കി. അതിന്റെ പണിക്ക് ഏഴു വർഷം എടുത്തു. മുഖ്യഭാഗത്തിനു തൊണ്ണൂറ് അടി നീളവും മുപ്പതു അടി വീതിയുമായിരുന്നു (സമാഗമനകൂടാരത്തിന്റെ ഇരട്ടി), ലോകത്തിലെ ക്രിസ്തീയപള്ളികളും ജാതികളുടെ വലിയ മന്ദിരങ്ങളുമായി നോക്കിയാൽ ചെറുതായിരുന്നു; എന്നാൽ ധനികതയുടെ കാര്യത്തിൽ അതിനെ വെല്ലുവാൻ മറ്റൊന്നില്ലായിരുന്നു. അതിനെ സ്വർണ്ണം പതിപ്പിച്ചിരുന്നതുകൊു അതിന്റെ വില അറുന്നൂറു ദശലക്ഷം ഡോളർ എന്നു കണക്കാക്കപ്പെടുന്നു. അദൃശ്യനായ ദൈവത്തിന്റെ ദൃശ്യമായ യാതൊന്നും അതിൽ ഉായിരുന്നില്ല എന്നതാണ് അതിന്റെ ഉയർന്ന പ്രത്യേകത. ഐന്ദ്രികമായി വിസ്തൃതമായി വിഗ്രഹാരാധന നടത്തിയിരുന്നവരുടെ ഇടയിൽ, അതു ഉന്നതമായ ആത്മിയത നിലനിർത്തുന്നതായിരുന്നു. "നീ സ്വർഗത്തിലും സ്വർഗാധിസ്വർഗത്തിലും അടങ്ങുകയില്ലല്ലൊ; പിന്നെ ഞാൻ നിർമ്മിച്ച ഈ ആലയത്തിൽ അടങ്ങുന്നതെങ്ങനെ"[6] "സ്വർഗത്തിൽ വസിക്കുന്നവനേ എന്റെ യാചന കേൾക്കേണമെ."[7] എന്നിങ്ങനെയായിരുന്നു ശലോമോന്റെ സമർപ്പണ പ്രാർത്ഥനയിലെ സംബോധനകൾ. ഒരു ദേശീയ തലസ്ഥാനം ദാവീദിന്റെ മനസിലുായിരുന്നതായി ആലയം പണിയുടെ പൂർത്തീകരണം തെളിയിക്കുന്നു. ദേശത്തിന്റെ ദൗത്യം സൈനികമായിരുന്നില്ല, ആത്മിക ആധിപത്യമായിരുന്നു; ഭൗതികമായിരുന്നില്ല, പിന്നെയോ ധാർമ്മിക മഹിമയായിരുന്നു. ആത്മീയത നിന്നുപോകുന്ന രീതിയിൽ ഭൗതികശക്തി അവർ വർദ്ധിപ്പിക്കരുതായിരുന്നു, അവരുടെ ദേശീയ മാതൃകയും അവർ തിരിച്ചറിയേയിരുന്നു.ആദ്യത്തെ ആ ദൈവാലയം, നെബൂഖദ്നേസർ നശിപ്പിക്കുന്നതു വരെ

നാനൂറു വർഷം നിന്നിരുന്നു.

**4. ശലോമോന്റെ മറ്റു കെട്ടിടങ്ങൾ.** – എബ്രായ വാസ്തുശില്പിയായിരുന്ന അഗസ്റ്റന്റെ കാലത്തായിരുന്നു ശലോമോൻ വാണിരുന്നത്. "അവൻ വെള്ളി കല്ലുകൾ എന്നപോലെയും കേദാർ അത്തിവൃക്ഷം പോലെയും ഉപയോഗിച്ചു."[8] അവൻ തനിക്കുവേയും, ഫറവോന്റെ മകൾക്കുവേയും മനോഹരമായ ഒരു കൊട്ടാരം പണിതു, അവൾ അവന്റെ ശരിയായ രാജ്ഞിയായി കണക്കാക്കിയിരുന്നു എന്നു തോന്നുന്നു, തന്റെ സാമ്രാജ്യത്തിൽ, അസംഖ്യം കോട്ടകളും പട്ടണങ്ങളും പണിതതിൽ പ്രസിദ്ധമായ താദ്മോരിലെ, പാൽമിറ ഓഫ് റോമൻ ഡേയ്സും ഉൾപ്പെടുന്നു.

**5. ശലോമോന്റെ വ്യവസായം.** – എബ്രായർ പൊതുവിൽ ആരംഭത്തിൽ ആടുകളെയും കന്നുകാലികളെയും കരുതുന്ന, ഇടയന്മാരായിരുന്നു. മിസ്രയീമിൽ കീഴ്പ്പെടുത്തലിനുശേഷം, അവർ കൃഷിക്കാരായി തീർന്നു, ധാന്യങ്ങളും, ഫലവൃക്ഷങ്ങളും, വൃക്ഷങ്ങളും വളർത്തുവാൻ തുടങ്ങി. ഇപ്പോൾ, ആദ്യമായി, അവർ വ്യാപാരികളായിത്തീർന്നു. സോറുമായിട്ടുള്ള ബന്ധത്തിൽ അവർ മദ്ധ്യധരണ്യാഴിയുടെ ഭാഗങ്ങളിലും സ്പെയിനിലെ തർശീശിലും കച്ചവടവുമായി പോകുവാൻ തുടങ്ങി; ചെങ്കടലിനടുത്തുള്ള തുറമുഖത്തിലൂടെ അവർ ഇൻഡ്യയുമായി വിപുലമായ വ്യാപാരത്തിലേർപ്പെട്ടിരുന്നു. അവരുടെ അടുത്തുള്ള ഫൊയിനിക്യ, മിസ്രയീം, അറേബ്യ എന്നീ രാജ്യങ്ങളുമായി ഉൽപ്പന്നങ്ങൾ കൈമാറിയിട്ടു്.

**6. ശലോമോന്റെ മതഭ്രംശം.** – ശലോമോന്റെ ജീവചരിത്രങ്ങളിൽ ചിലത് നിരാശപ്പെടുത്തുന്നതാണ്. അവൻ സാധാരണ രാജാക്കന്മാരുടെ കൂട്ടത്തിലേക്ക് *ഒരിക്കലും* തരം താഴ്ന്നു പോയില്ല; എന്നാൽ അവന്റെ പിന്നീടുള്ള വർഷങ്ങൾ അവന്റെ മനോഹരമായ യുവത്വത്തിൽ നിന്ന് വേദനാജനകമായി വീണുപോകുന്നു്.

*a. രാജാവിന്റെ നിയമലംഘനം.* – മോശെ (ആവർ. 17:14-20) ആയിരുന്നു രാജാവിന്നുവേ നിയമം കൊടുത്തത്. മൂന്നു തരത്തിൽ ശലോമോൻ അതു ലംഘിച്ചു: (1) കുതിരകളെ വർദ്ധിപ്പിച്ചുകൊു (1 രാജാക്കന്മാർ 10:26), സൈന്യബലത്തിന്റെ അടയാളമായിട്ട്; (2) അവന്റെ അന്തഃപുരത്തിലെ ഭാര്യമാരുടെ എണ്ണം ആയിരം ആക്കി വർദ്ധിപ്പിച്ചു; (3) പൊന്നും വെള്ളിയും ധാരാളം വർദ്ധിപ്പിച്ചു, അത് അവന്റെ ആളുകളെ കവർന്നെടുത്തുകൊായിരുന്നു. അവൻ അതിനോടു ചേർത്തുകൊിരുന്നു.

*b. ദൈവനിയമത്തിന്റെ അടിസ്ഥാനമായവ പോലും ഗൗരവമായി ലംഘിച്ചിരുന്നു.* – "ഞാനല്ലാതെ നിങ്ങൾക്ക് അന്യദൈവങ്ങൾ ഉാകരുത്"[9]; അതായിരുന്നു ആദ്യത്തെ കല്പന. അത് വിശുദ്ധ കല്പനയായി ആചരിക്കുമെന്ന് യിസ്രായേൽ പ്രതിജ്ഞ ചെയ്തിരുന്നു. ദേശത്തിന്റെ *ദൗത്യം* സർവ്വ ലൗകികമായ ബഹുദേവതമാരെന്ന ആശയം മാറ്റി നിർമ്മലമായ ആത്മീക ആരാധന വരുത്തുകയായിരുന്നു; ദേശം ഉായതിന് മതിയായ മറ്റു കാരണങ്ങൾ ഇല്ലായിരുന്നു. "ശലോമോൻ വൃദ്ധനായപ്പോൾ അവന്റെ ഭാര്യമാർ അവന്റെ ഹൃദയത്തെ അന്യദേവന്മാരിലേക്ക് തിരിച്ചു."[10]

*c. ദേശം ബലഹീനവും നാശകരവും ആകുവാനുള്ള ഘടകങ്ങൾ.* – രാജാവിന്റെയും രാജ്യത്തിന്റെയും നിയമങ്ങൾ ലംഘിച്ചത് ബലഹീനതയുടെ തെളിവാകുകയും, അവന്റെ ഗൃഹത്തിൽ അങ്ങനെ ദൈവത്തിന്റെ ന്യായവിധി വരികയും ചെയ്തു. ആസന്നമായ വിഭജനത്തെ കുറിച്ച് അവന്ന് വെളി

പ്പെടുത്തികൊടുക്കയും, അവന്റെ പിന്നീടുള്ള ജീവിതം അവൻ വീട്ടിൽ അതൃപ്തനായി തീരുകയും വിദേശത്തുള്ള രാജ്യങ്ങളിൽ ഉായിരുന്ന അവന്റെ മതിപ്പു കുറയുകയും ചെയ്തു. എങ്ങനെയായാലും, വലിയ ഗൗരവമായ ലഹള പൊട്ടിപ്പുറപ്പെട്ടില്ലെങ്കിലും, ശലോമോന്റെ താരതമ്യേന സമാധാനപൂർവ്വമായ വാഴ്ച്ചക്കു അവസാനമായി.

## V. പ്രവാചകന്മാരുടെ ആവിർഭാവം

അവന്റെ കാലത്തിലും, നൂറ്റാുകൾക്കുശേഷവും, ഏകനായ മഹാത്മാവായി മോശെ നിലകൊള്ളുന്നു. യോശുവക്കും ശമുവേലിനും ഇടയ്ക്ക് ഒരു പ്രവാചകൻ ഉായിരുന്നതായി പറയുന്നില്ല. എന്നാൽ ശമുവേലിനോടും രാജാധിപത്യകാലത്തോടുംകൂടെ വലിയ പ്രവാചകന്മാരുടെ കാലം ആരംഭിക്കുന്നു. പ്രവാചകൻ രാജാവിനു ആവശ്യമായ ഒരു പങ്കാളി ആയിരുന്നു; ശമുവേലിന്റെയും ശൗലിന്റെയും കാലം മുതൽ പഴയ നിയമ ചരിത്രത്തിന്റെ അവസാനവാല്യം വരെ പ്രകടമായ സന്ദേശം അപൂർവ്വമായിരുന്നു. ശമുവേൽ മൊത്തത്തിൽ ശൗലിനേക്കാൾ പ്രാധാന്യമുള്ള വ്യക്തി ആയിരുന്നു. ദാവീദ്, തന്നെയും വലിയ പ്രവാചകന്മാരിൽ ഒരാളായിരുന്നു എങ്കിലും, പ്രവാചകന്മാരാൽ ഉപദേശിക്കപ്പെടുകയും മുന്നറിയിക്കപ്പെടുകയും ചെയ്തിരുന്നു. ശലോമോന്റെ വാഴ്ച്ച സമയത്ത് പ്രവാചകന്മാർക്കു പ്രധാനമായ പങ്കില്ലായിരുന്നു എങ്കിലും, ഒരാൾ അവസാനം പ്രത്യക്ഷനാകുന്നു്. ആ കാലത്തെ പ്രവാചകന്മാർ ശമുവേൽ, ഗാദ് (1 ശമു. 22:5; 2 ശമു. 24:11), നാഥാൻ (2 ശമു. 7:2-17; 12:1-12; 1 രാജാക്കന്മാർ 1:8-24), യിദ്ദോ (2 ദിന. 9:29; 12:15; 13:22), അഹീയാവ് (1 രാജാക്കന്മാർ 11:29-39; 2 ദിന. 9:29). നാഥാന്റെ മനോഹരമായ ഉപമ പോലെ, ചരിത്രത്തിൽ ഇടം നേടിയ ഉപദേശങ്ങൾ, വേറെയില്ല.

## VI. അക്കാലത്തെ സാഹിത്യം.

ഏറ്റവും ആദ്യം നിലവിൽ വന്ന എബ്രായ സാഹിത്യത്തിന്റെ കാലം കണക്കാക്കുക അസാധ്യമാണ്. മോശെക്കു മുൻപ് അഞ്ചു പുസ്തകങ്ങളിലെ ഭാഗങ്ങൾ ഉായിരുന്നു എന്നു പറയുന്നതിൽ അപാകതയില്ല. ലാമെക്കിന്റെ "വാൾ ഗാനവും" (ഉൽപ. 4:23, 24) സംഖ്യ. 21:12-17, 27-30 ലെ കാവ്യ പല്ലവിയും, സൂചിപ്പിക്കുന്നത് പുരാതന കാവ്യസമാഹാരങ്ങളെയാണ്. യോശുവയുടെ പുസ്തകം, ഒരുപക്ഷെ ശമുവേലിന്റെ കാലത്ത് രചിച്ചതാകാം, അതു ഉദ്ധരിച്ചത് "ബുക്ക് ഓഫ് ജാഷർ" ൽ നിന്നാണ്, അത് ഇപ്പോൾ ഇല്ല. ദാവീദിന്റെ കാലം മുതൽ നല്ല ചരിത്രപരമായ സാഹിത്യം ഉടലെടുക്കുവാൻ തുടങ്ങി, അത് പഴയ മിസ്രയീം സാമ്രാജ്യം അല്ലെങ്കിൽ കൽദയ സാമ്രാജ്യം അല്ലെങ്കിൽ അശൂര്യ സാമ്രാജ്യം നൽകുന്നതിനേക്കാൾ അധികം ദാനം നമുക്കു നൽകുന്നു്. ന്യായാധിപന്മാരുടെയും രൂത്തിന്റെയും പുസ്തകം ഒരുപക്ഷെ അവന്റെ വാഴ്ച്ച കാലത്ത് ലഭിച്ചതാകാം. ആ കാലത്തെ മറ്റു ചരിത്രപരമായ രചനകളായിരുന്നു "ശമുവേലിന്റെ ചരിത്രം," "നാഥാന്റെ ചരിത്രം," "ഗാദിന്റെ ചരിത്രം" (1 ദിന. 29:29), ശലോമോന്റെ പ്രവൃത്തികളുടെ പുസ്തകം" (1 രാജാക്കന്മാർ 11:41), ആ പ്രവൃത്തികൾ ഇപ്പോൾ ഇല്ല, എന്നാൽ അവ ഇപ്പോഴുള്ള ശമുവേലിന്റെയും രാജാക്കന്മാരുടെയും പുസ്തകങ്ങളുടെ അടിസ്ഥാനം ആണ് എന്നതിന് സംശയമില്ല. ദാവീദിന്റെയും ശലോമോന്റെയും കാലം അതിന്റെ സാഹിത്യത്തിന്റെ "ജ്ഞാനവും" കാവ്യാത്മ

കതയും കൊു പ്രാധാന്യമുള്ളതാണ്. എഴുപത്തി-രു സങ്കീർത്തനങ്ങൾ ദാവീദിന്റേതാണ്, രണ്ണെം ശലോമോനുള്ളതാണ് (എഴുപത്തിരും നൂറ്റി ഇരുപത്തി-എട്ടും). ദാവീദിന്റെ എഴുത്തുകളിലെ ആത്മീയത അധികവും ശലോമോന്റെ സാഹിത്യത്തിൽ കാണുന്നില്ല, എന്നാൽ അതിൽ സാങ്കല്പികമായ ശക്തിയും കലാപരമായ പര്യവസാനവും ു്. മുഖ്യ പ്രവർത്തികൾ സദൃശവാക്യങ്ങളും, സഭാപ്രസംഗിയും ശലോമോന്റെ ഉത്തമഗീതവും ആണ്.[11]

---

കുറിപ്പുകൾ

[1]1 ശമു. 16:13. [2]1 ശമു. 18:7. [3]1 ശമു. 18:9. [4]1 രാജാക്കന്മാർ 4:34. [5]1 രാജാക്കന്മാർ 10:7. [6]1 രാജാക്കന്മാർ 8:27. [7]1 രാജാക്കന്മാർ 8:39. [8]1 രാജാക്കന്മാർ 10:27. [9]പുറ. 20:3. [10]1 രാജാക്കന്മാർ 11:4.

[11]സഭാപ്രസംഗികൾ പിന്നീടു വന്നതാകാം.